നാളികേരത്തിന്റെ ഉൽപ്പാദനവർദ്ധന ഉറപ്പുവരുത്താൻ പദ്ധതി

55 [5509] ശ്രീ. കളത്തിൽ അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള തെങ്ങ് കൃഷിക്കാരുടെ നാളികേരത്തിന്റെ ഉൽപ്പാദനവർദ്ധന ഉറപ്പു വരുത്താൻ പ്രത്യേകമായി എന്തെങ്കിലും സ്കീമുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ചെറുകിട കർഷകർക്ക് കുളം നവീകരണം, കുളം നിർമ്മാണം, ഡ്രിപ്പ് ഇറിഗേഷൻ, പരമ്പരാഗത ജലസേചനം, മോട്ടോർ ഉപയോഗിച്ചുള്ള സാധാരണ ജലസേചനം എന്നിവ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) എങ്കിൽ ഇതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വിഭാഗത്തിന് പ്രത്യേകമായി പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലില്ല. ഇപ്പോൾ നടപ്പിലാക്കിവരുന്ന നാളികേര വികസന പദ്ധതികളെല്ലാം തന്നെ ചെറുകിട-നാമമാത്ര നാളികേര കർഷകരെ ഉദ്ദേശിച്ചുള്ളവയാണ്.

(ബി, സി) ഉണ്ട്. തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 500 പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിനും 300 കിണറുകൾ കുഴിക്കുന്നതിനുമായി 40 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ എം. ഒ. യു. പദ്ധതിപ്രകാരം 88.88 ഹെക്ടർ സ്ഥലത്ത് ഡ്രിപ്പ് ഇറിഗേഷന് 10 ലക്ഷം രൂപയും 66.66 ഹെക്ടറിൽ സ്പ്രിംഗ്ളർ ഇറിഗേഷന് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. നാളികേര ബോർഡ് 1000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്ന പ്രദർശന തോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പമ്പുസെറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രദർശനതോട്ടങ്ങൾക്കായി ഹെക്ടറിന് 17,500 രൂപ വീതം രണ്ടുവർഷം ധനസഹായം നൽകുന്നു. ആകെ 175 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

കാർഡമം കൃഷിക്ക് സ്പൈസസ് ബോർഡ് നൽകുന്ന സബ്സിഡി

56 [5510] ശ്രീ. കെ. അച്ചുതൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ഇ. എം. അഗസ്തി:
,, എം. മുരളി:
,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഡമം കൃഷിക്ക് വേണ്ടി ജലസേചനാർത്ഥം കർഷകർ വാങ്ങുന്ന പമ്പ്സെറ്റിനും കുഴിക്കുന്ന കുളം, കിണർ എന്നിവയ്ക്കും സ്പൈസസ് ബോർഡിൽ നിന്നും സബ്സിഡി നൽകി വരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആവർത്തന കൃഷി, കയ്യാല നിർമ്മാണം, വാനില കൃഷി എന്നിവയ്ക്ക് സ്പൈസസ് ബോർഡിൽ നിന്ന് സബ്സിഡി നൽകാറുണ്ടോ;

(സി) ഇവയ്ക്കെല്ലാം സ്പൈസസ് ബോർഡ് ആദ്യം എന്തു തുകവരെയാണ് സബ്സിഡി നൽകി വന്നിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ ഈ തുക കുറച്ചിട്ടുണ്ടോ;

(ഇ) പശ്ചിമഘട്ട വികസന പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ നൽകിയ തുകയുടെ ഒരുഭാഗം സ്പൈസസ് ബോർഡിന് കൈമാറേണ്ടതുണ്ടോ;

(എഫ്) സ്പൈസസ് ബോർഡിന് തുക കൈമാറാതിരുന്നതിന്റെ ഫലമായാണോ സ്പൈസസ് ബോർഡ് കർഷർക്ക് നൽകിവരുന്ന സബ്സിഡിയിൽ കുറവു വരുത്തിയത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഒൻപതാം പദ്ധതിക്കാലത്ത് നൽകിയിരുന്ന സബ്സിഡിയുടെ വിവരം ചുവടെ ചേർക്കുന്നു:

(1) പശ്ചിമഘട്ട വികസന പദ്ധതി

			സബ്സിഡി നിരക്ക്
1.	ജലസംഭരണ സംവിധാനം	2 ഹെക്ടർവരെ	50%—16,000 രൂപയിൽ കവിയാതെ
		2—4 ഹെക്ടർ	25%—12,850 ,,
		4—6 ,,	25%—20,375 ,,
		6—8 ,,	25%—22,275 ,,
2.	ജലസേചന ഉപകരണങ്ങൾ/സ്പ്രിംഗ്ളർ	2 ഹെക്ടർവരെ	ഇല്ല
		2—4 ഹെക്ടർ	25%—21,175 ,,
		4—6 ,,	25%—28,850 ,,
		6—8 ,,	25%—35,800 ,,
3.	ഇറിഗേഷൻ പമ്പുസെറ്റുകൾ	2 ഹെക്ടർവരെ	25%—5000 ,,
		8 ,,	25%—8,000 ,,
4.	ഗ്രാവിറ്റി ഇറിഗേഷൻ	2 ഹെക്ടർവരെ	25%—1,250 ,,
		2—8 ,,	25%—2,500 ,,
	മണ്ണുസംരക്ഷണം		
	5%—10% വരെ ചരിവുള്ള സ്ഥലത്തിന്	8 ,,	25%—7,694 ,,
	10%—15% വരെ ,,	8 ,,	25%—9,300 ,,

LIBRARY ARCHIVES Kerala Legislative Assembly

(2) കാർഡമം റീപ്ലാന്റിംഗ് സ്കീം

ഹെക്ടർ ഒന്നിന് 12,500 രൂപ യഥാക്രമം 6,000 രൂപ, 3,500 രൂപ, 3,000 രൂപ എന്നീ ക്രമത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി നൽകുന്നു.

(3) വാനില വികസനം

(എ) ന്യൂ പ്ലാന്റിംഗ് —ഹെക്ടർ ഒന്നിന് 10,000 രൂപ യഥാക്രമം 6,500 രൂപ 3,500 രൂപ എന്നീ ക്രമത്തിൽ രണ്ട് വാർഷിക ഗഡുക്കളായി നൽകുന്നു.

(ബി) സർട്ടിഫൈഡ് നഴ്സറി—1000 വേരുപിടിപ്പിച്ച കട്ടിംഗുകൾ ഉൽപ്പാദിപ്പിക്കുന്ന നഴ്സറികൾക്ക് 1,250 രൂപ.

(സി) ക്യൂറിംഗ് യൂണിറ്റ്—യൂണിറ്റൊന്നിന് 5,000 രൂപ.

(ഡി) പത്താം പദ്ധതികാലത്ത് നടപ്പിലാക്കുന്നതിന് പ്ലാനിംഗ് കമ്മീഷനും വാണിജ്യ മന്ത്രാലയവും അംഗീകരിച്ച നിരക്കാണ് സ്പൈസസ് ബോർഡ് സബ്സിഡി യായി നൽകുന്നത്. ഇതനുസരിച്ച് ചില സ്കീമുകൾക്കുള്ള സബ്സിഡി കുറച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) 2002-2003-ൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കാത്തതിനാൽ സബ്സിഡി തുക സ്പൈസസ് ബോർഡിന്റെ വിഹിതത്തിൽ ഒതുക്കി നിർത്തിയാണ് നൽകിയതെന്ന് സ്പൈസസ് ബോർഡ് അറിയിച്ചിട്ടുണ്ട്.

ജൈവവളം ഉപയോഗിച്ചുള്ള കുരുമുളക് കൃഷി

57 [5511] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവള വിമുക്ത, കീടനാശിനി വിമുക്ത ജൈവവളത്തിലധിഷ്ഠിതമായ കുരുമുളക് കൃഷി വികസിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ജൈവവളം ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച കുരുമുളക് കയറ്റുമതിക്ക് ഗവൺമെന്റ് എന്തെങ്കിലും സൗകര്യം പ്രത്യേകം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ജൈവവളം ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച കുരുമുളകാണെന്ന് ഉറപ്പുവരുത്താൻ വിദഗ്ദ്ധ ടെസ്റ്റുകൾ നടത്താൻ ഉദ്ദേശ്യമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly